# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5582 — 02.07.2014 ൽ മറുപടിക്ക്

## 108 ആംബുലൻസുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര 108 ആംബുലൻസുകൾ സർവ്വീസ് നടത്തുന്നതിനായി നിരത്തിലിറക്കി; ഇവയിൽ എത്ര എണ്ണം നിലവിൽ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ആകെ 50, 108 ആംബുലൻസുകൾ സർവ്വീസ് നടത്തുന്നതിനായി നിരത്തിലിറക്കി. ഇതിൽ 25 എണ്ണം തിരുവനന്തപുരം ജില്ലയിലും, 18 എണ്ണം ആലപ്പുഴ ജില്ലയിലും സർവ്വീസ് നടത്തുന്നു. |
| (ബി) ബാക്കിയുള്ളവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (ബി) ഒരു ആംബുലൻസ് എൻ.എ.ബി.എച്ച് അക്രഡിറ്റേഷനു വേണ്ടി എറണാകുളം ജനറൽ ഹോസ്പിറ്റലിൽ സർവ്വീസ് നടത്തുന്നു. രണ്ട് എണ്ണം ഫിറ്റ്നസ് സംബന്ധമായ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ഓപ്പറേറ്റിംഗ് ഏജൻസിക്ക് ബാക്ക് അപ് ആയി നൽകിയിരിക്കുന്നു. മുൻ ഓപ്പറേറ്റിംഗ് ഏജൻസി പൂർണ്ണമായും നശിച്ചുപോയ 2 ആംബുലൻസുകൾക്കു പകരം പുതുതായി വാങ്ങി തന്ന രണ്ട് ആംബുലൻസുകളും മറ്റ് ജില്ലകളിലെ ആശുപത്രികളിൽ നിന്നെടുത്ത രണ്ട് ആംബുലൻസുകളും ചേർത്ത് 4 എണ്ണം തൈക്കാട് ഡബ്ല്യൂ & സി ഹോസ്പിറ്റൽ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. |
| (സി) സർവ്വീസ് നടത്തുന്ന ടി ആംബുലൻസുകൾ എല്ലാം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൈവശമുള്ളവയാണോയെന്ന് വെളിപ്പെടുത്തുമോ; | (സി) നിലവിൽ സർവ്വീസ് നടത്തുന്ന ആംബുലൻസുകളെല്ലാം തന്നെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ളവയാണ്. |

| | |
|---|---|
| (ഡി) മറ്റ് പാസഞ്ചർ വാഹനങ്ങൾക്ക് ഫിറ്റ്നസ് ലഭിക്കാൻ വേണ്ട വ്യവസ്ഥയിൽ എന്തെങ്കിലും ഇളവുകൾ ഇവയ്ക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ഡി) മറ്റ് ആംബുലൻസുകൾക്ക് ഫിറ്റ്നസ് ലഭിക്കാൻവേണ്ട വ്യവസ്ഥകളെല്ലാം തന്നെ ഈ വാഹനങ്ങൾക്കും ബാധകമാണ്. |
| (ഇ) നിലവിൽ സർവ്വീസ് നടത്തുന്ന ഈ വാഹനങ്ങളിൽ പലതും അപകടാവസ്ഥയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഇ) ഇത്തരമൊരു വാർത്ത ചില മാധ്യമങ്ങളിൽ വന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. എല്ലാ വാഹനങ്ങൾക്കും 08.04.2014 നും 12.07.2014 നും ഇടയിൽ ഗതാഗത വകുപ്പിൽ നിന്ന് വാർഷിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കേണ്ടതാണ്. ഇതിൽ 5 വാഹനങ്ങൾക്കൊഴികെ ബാക്കി എല്ലാ വാഹനങ്ങൾക്കും ഗതാഗത വകുപ്പിൽ നിന്ന് ഈ കാലയളവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ